## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 08.04.2015-ലെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8.15 മണിക്ക് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.03.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1 പദ്ധതി നിർവഹണ പുരോഗതി അവലോകനം**

സുലേഖ പ്ലാൻ മോണിട്ടറിംഗ് പ്രകാരം 2014-15 വാർഷിക പദ്ധതിയുടെ ആകെ ചെലവ് 5761.04 കോടി രൂപയും, ഗ്രാമപഞ്ചായത്തുകളുടേത് 3417.26 കോടി രൂപയും, ബ്ലോക്ക് പഞ്ചായത്തുകളുടേത് 659.51 കോടി രൂപയും, ജില്ലാ പഞ്ചായത്തുകളുടേത് 830.68 കോടി രൂപയും, മുനിസിപ്പാലിറ്റികളുടേത് 543.81 കോടി രൂപയും, മുനിസിപ്പൽ കോർപ്പറേഷനുകളുടേത് 309.76 കോടി രൂപയും ആണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടു.

**2.2** ലഭ്യമായ കണക്കുകൾ പ്രകാരം വികസനഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തുകൾ 2094.08 കോടി രൂപയും (66.09 ശതമാനം) ചെലവഴിച്ചു. ബ്ലോക്ക് പഞ്ചായത്തുകൾ 553.75 കോടി രൂപയും (80.34%), ജില്ലാ പഞ്ചായത്തുകൾ 574.20 കോടി രൂപയും (62.7 8%), മുനിസിപ്പാലിറ്റികൾ 398.92 കോടി രൂപയും (66.80%) കോർപ്പറേഷനുകൾ 303.71 കോടി രൂപയും (54.90%)ചെലവഴിച്ചു. ആകെ 3924.66 കോടി രൂപ (65%) ആണ് ഈയിനത്തിൽ ചെലവായത്.

**2.3** 2015-16 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണ പരിശ്രമങ്ങളിൽ ഇതിനോടകം 85 ഗ്രാമപഞ്ചായത്തുകളും 2 ബ്ലോക്ക് പഞ്ചായത്തുകളും ഡി.പി.സി അംഗീകാരം വാങ്ങുകയും പദ്ധതി നിർവഹണം തുടങ്ങിയതായും റിപ്പോർട്ട് ചെയ്തു.

**2.4** കോഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കേണ്ട ഫയലുകളെല്ലാം തന്നെ നടപ്പു സാമ്പത്തിക വർഷാരംഭം മുതൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ഇ-ഫയലുകളായാണ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിലേയ്ക്ക് അയയ്ക്കുന്നതെന്ന് യോഗം നിരീക്ഷിച്ചു. അതിനാൽ അവയുടെ വിശദാംശങ്ങൾ യോഗ വേളയിൽ പരിശോധിക്കുന്നതിന് എസ്.ആർ.ജിക്ക് അടിയന്തിരമായി ലാപ്ടോപുകളും അനുബന്ധ സാമഗ്രികളും വാങ്ങി നൽകാൻ കിലയ്ക്ക് നിർദ്ദേശം നൽകി.

**2.5** തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകളുടെയും മേലുദ്യോഗസ്ഥർ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്ന് 25.03.2015-ലെ യോഗത്തിൽ നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ ഇന്നത്തെ യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി പോലും പങ്കെടുക്കാതിരുന്നത് ഗൗരവപൂർവ്വമായ ചർച്ചയ്ക്ക് വിഷയീഭവിച്ചു. ധനകാര്യ വകുപ്പിന്റെ പ്രതിനിധിയും യോഗത്തിൽ സംബന്ധിച്ചില്ല എന്നു യോഗം നിരീക്ഷിച്ചു. ബന്ധപ്പെട്ട വകുപ്പുമേധാവികൾ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കണമെന്ന് യോഗം തീരുമാനിച്ചു.

**2.6** 2014-15 സാമ്പത്തിക വർഷത്തിന്റെ അവസാന പ്രവൃത്തി ദിവസമാണ് tax effort ഉൾപ്പെടെയുള്ള പല അലോട്ട്മെന്റുകളും ലഭിച്ചിട്ടുള്ളതെന്നും ഇത് പല ട്രഷറികളും ക്രെഡിറ്റ് ചെയ്തിട്ടില്ല എന്നും യോഗം നിരീക്ഷിച്ചു. 2015-16 സാമ്പത്തിക വർഷം അലോട്ട്മെന്റിന് പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിനാൽ 2014-15 സാമ്പത്തിക വർഷത്തെ കണക്കുകൾ അന്തിമാക്കിയെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് യോഗം നിർദ്ദേശിച്ചു. അതിനാൽ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്ത ഫണ്ട് ക്രെഡിറ്റ് ചെയ്യുന്നതിനും 2014-15 കണക്ക് അന്തിമമാക്കുന്നതിനും നടപടിക്രമങ്ങൾ നിശ്ചയിക്കുന്നതിന് ട്രഷറി ഡയറക്ടറും, ധനകാര്യ വകുപ്പു പ്രതിനിധിയും

ഉൾപ്പെടുന്ന ഒരു യോഗം അടിയന്തിരമായി വിളിച്ചു ചേർക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിക്ക് യോഗം നിർദ്ദേശം നൽകി.

2.7 01.04.2014-ലെ ഓപ്പണിംഗ് ബാലൻസ് പല പഞ്ചായത്തുകളിലും ഇപ്പോഴും അന്തിമമാക്കാതെയിരിക്കുകയാണെന്ന് യോഗം നിരീക്ഷിച്ചു. പഞ്ചായത്ത് അക്കൗണ്ടും ട്രഷറി അക്കൗണ്ടും തമ്മിൽ പൊരുത്തപ്പെടാത്ത സാഹചര്യത്തിൽ ട്രഷറി അക്കൗണ്ട് അവലംബിച്ച് ഓപ്പണിംഗ് ബാലൻസ് അന്തിമമാക്കുകയാണ് ഉചിതമെന്ന് യോഗം നിർദ്ദേശിച്ചു. ട്രഷറി ഡയറക്ടറെ ഉൾപ്പെടുത്തി വിളിച്ചു ചേർക്കാനിരിക്കുന്ന യോഗത്തിൽ ഈ വിഷയം ചർച്ചാ വിധേയമാക്കി ഉചിത തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് യോഗം നിർദ്ദേശിച്ചു.

2.8 ശുചിത്വ മിഷൻ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകി വരുന്നത് സംസ്ഥാന തലത്തിലായതിനാൽ കാലതാമസം ഉണ്ടാകുന്നതായി യോഗം നിരീക്ഷിച്ചു. കാലതാമസം ഒഴിവാക്കുന്നതിന് ജില്ലാ തലത്തിൽ 5 ലക്ഷം രൂപവരെയുള്ള ശുചിത്വമിഷൻ പ്രോജക്ടുകൾക്ക് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറും ശുചിത്വമിഷൻ ജില്ലാ മേധാവിയും ചേർന്നുള്ള ജില്ലാതല സംവിധാനം മുഖേന സാങ്കേതികാനുമതി നൽകേണ്ടതാണെന്ന് യോഗം തീരുമാനിച്ചു.

2.9 ഗ്രാമപഞ്ചായത്തുകളിൽ സേവനം അനുഷ്ഠിച്ചു വരുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി 31.03.2016 വരെ ദീർഘിപ്പിച്ചു നൽകാനും അവരുടെ വേതനം ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് നൽകാനും യോഗം തീരുമാനിച്ചു. ഇതു സംബന്ധിച്ച ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കേണ്ടതാണെന്നും യോഗം നിർദ്ദേശിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 കണ്ണൂർ നഗരസഭ (ഫയൽ നം.ഇ. ഡബ്ല്യൂ3/185/15/തസ്വഭവ)

2013-14 ലും 2014-15 ലും വാങ്ങിയ ബിറ്റുമിന്റെ അളവും, അതിനു ചെലവായ തുകയും എത്ര എന്നും, ട്രാൻസ്പോർട്ടേഷൻ മാത്രമാണോ ടെണ്ടർ മുഖേന സിഡ്കോയെ എൽപ്പിച്ചതെന്നു മറ്റുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാൻ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം.78/ഡി.ബി.3/15/തസ്വഭവ)

എസ്.സി.പി. ഫണ്ടിൽ മിച്ചം വന്ന തുക2015-16 ലേയ്ക്ക് ക്യാരിഓവർ ചെയ്യാമെന്നതിനാൽ മറ്റ് ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതില്ലെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 കൊല്ലം ജില്ലാ പഞ്ചായത്ത് (ഫയൽ നം.39/ഡി.ബി2/15/തസ്വഭവ)

അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്നതു സംബന്ധമായ വിശദാംശങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 നാളികേര വികസന ബോർഡ് ചെയർമാന്റെ കത്ത്
### (ഫയൽ നം.151/ഐ.ബി2/15/തസ്വഭവ)

നീര പാനീയവും അതിനെ അടിസ്ഥാനമാക്കിയുള്ള ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി നീര ടെക്നീഷ്യൻമാരെ പരിശീലിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകണമെന്ന ആവശ്യത്തിൽ വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ കത്ത്**
**(ഫയൽ നം.9/ഡി.ബി3/15/തസ്വഭവ)**

1) കുമ്പള ഗ്രാമപഞ്ചായത്തിലെ മൊഗ്രാൽ യുനാനി ഡിസ്പെൻസറിയിലെ മെഡിക്കൽ ആഫീസറെ നിർവഹണ ഉദ്യോഗസ്ഥനാക്കണ മെന്നയാവശ്യത്തിൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാൻ ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു തീരുമാനിച്ചു.
2) ശുചിത്വ മിഷൻ പദ്ധതികൾക്ക് ജില്ലാതലത്തിൽ സാങ്കേതികാനുമതി നൽകുന്നത് സംബന്ധിച്ച് ഇനം 2.8 ബാധകമാണെന്നു നിരീക്ഷിച്ചു.
3) അംഗനവാടികൾക്കും ബഡ്സ് സ്ക്കൂളുകൾക്കും ഗ്യാസ് കണക്ഷൻ നൽകുന്നതിന് ആധാർ നിർബന്ധമാക്കിയിരിക്കുന്നത് ഒഴിവാക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ പൊതുമേഖലാ ഓയിൽ കമ്പനികളുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.126/ഡി.ഡി2/15/തസ്വഭവ)**

2013–14 വർഷം വാട്ടർ അതോറിട്ടിയിൽ നിക്ഷേപിച്ചു തിരികെ കിട്ടിയ തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.115/ഡി.ഡി2/15/തസ്വഭവ)**

2013–14 വർഷം നടപ്പാക്കാനുദ്ദേശിച്ച കിടാരി പദ്ധതിയുടെ തുക രണ്ട് വർഷം പിന്നിട്ട സാഹചര്യത്തിൽ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കുമ്പളം ഗ്രാമ പഞ്ചായത്ത് (ഫയൽ നം.16/ഡി.ബി.3/15/തസ്വഭവ)**

ഇന്ധനച്ചെലവും, ഡ്രൈവറുടെ വേതനവും മെയിന്റനൻസ് ഉൾപ്പെടെയുള്ള മറ്റ് തുടർച്ചെലവുകളും പി.റ്റി.എ വഹിക്കാമെന്ന വ്യവസ്ഥയിൽ 13–ാം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് 8 ലക്ഷം രൂപ അടങ്കലിൽ ഉദയത്തും വാതിൽ എൽ.പി.എസ്.ന് വാഹനം വാങ്ങി നൽകുന്നതിന് അനുവദിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 പത്തനംതിട്ട ജില്ല പഞ്ചായത്ത് (ഫയൽ നം.77/ഡി.ബി.3/15/തസ്വഭവ)**

സ്മാരക നിർമ്മാണത്തിനും ചരമ വാർഷിക ആചരണത്തിനും പൊതു പണം ചെലവഴിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 വെള്ളാങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് (ഫയൽ നം.16/ഡി.ബി.1/15/തസ്വഭവ)**

പട്ടികജാതി പട്ടികവിഭാഗക്കാർക്കായി നിർമ്മിച്ച രണ്ട് യൂണിറ്റ് ഫ്ളാറ്റുകൾക്കു മുകളിൽ രണ്ട് യൂണിറ്റുകൾ കൂടി 20 ലക്ഷം രൂപ ചെലവിൽ പണിയാൻ അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കാസറഗോഡ് ജില്ല പഞ്ചായത്ത് (ഫയൽ നം.55/ഡി.ബി.3/15/തസ്വഭവ)**

കേരള വാട്ടർ അതോറിട്ടി, കെ.എസ്.ഇ.ബി. ഭൂജല വകുപ്പ് എന്നിവിടങ്ങളിലെ ജില്ലാ ആഫീസർമാരെ ജില്ലാ പഞ്ചായത്തിന്റെ നിർവഹണ ഉദ്യോഗസ്ഥരായി നിശ്ചയിക്കണമെന്ന ആവശ്യം പ്രസ്തുത സ്ഥാപനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊടുക്കാത്തവയായതിനാൽ പരിഗണനാർഹ മല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ജൻ ശിക്ഷൺ സൻസ്ഥാൻ, പത്തനംതിട്ട**

എൻ.ജി.ഒ. കളുടെ സേവന ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ച് 03.03.2013–ലെ ജി.ഒ(എം.എസ്) 133/12/തസ്വഭവ ഉത്തരവു പ്രകാരമുള്ള പുതിയ സംവിധാനം പാലിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.118/ഡി.ഡി2/15/തസ്വഭവ)**

2013–14 സാമ്പത്തിക വർഷത്തിൽ ത്രീ വീലർ സ്ക്കൂട്ടർ വിതരണ പ്രോജക്ടിന്റെ ഓഡിറ്റ് തടസ്സം സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ബഡ്സ് സ്ക്കൂളിലെ കുട്ടികളുടെ ആവശ്യത്തിന് വാഹനം വാടകയ്ക്കെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.114/ഡി.ഡി.2/15/തസ്വഭവ)**

2014–15 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ സ്നേഹപൂർവ്വം ക്യാമ്പസ് എന്ന കൗമാര ബോധവൽക്കരണ പ്രോജക്ട് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കിയശേഷം ചർച്ച ചെയ്യാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 മൂർക്കനാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം.146466/ഡി.എ2/15/തസ്വഭവ)**

2014–15 വാർഷിക പദ്ധതിയിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയിലുൾപ്പെട്ട ഇനമായ സ്ക്കൂൾ കുട്ടികൾക്ക് പ്രവർത്തന കലണ്ടർ നൽകൽ ടെണ്ടർ കൂടാതെ നടപ്പാക്കിയ നടപടിക്ക് സാധൂകരണം ആവശ്യപ്പെട്ടതു സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കാളികാവ് ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 2611/ഡി.ബി2/15/തസ്വഭവ)**

അഞ്ചച്ചവടി ഗവ.മാതൃക, യു.പി.സ്ക്കൂൾ ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്ത സാഹചര്യത്തിൽ കറണ്ട്–ഫോൺ ചാർജുകൾ നൽകുന്ന വിഷയം ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 പോരൂർ ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 140890/ഡി.ബി.1//15/തസ്വഭവ)**

വനിതകൾക്ക് 1 ലക്ഷം രൂപ വീതം ഭവന നിർമ്മാണ സഹായം നൽകിയ പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം വർദ്ധിപ്പിച്ചു നൽകാൻ പ്രത്യേക കേസായി അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് (ഫയൽ നം.ഇ–161905/15/തസ്വഭവ)**

വനിത വ്യവസായ കേന്ദ്രത്തിൽ തൊഴിൽ സംരംഭ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ തറികൾ വാങ്ങുന്നതിന് സ്ഥാപനം അക്രഡിറ്റഡ് ഏജൻസി ആകണമെന്നില്ലെന്നും തറികൾ ഖാദി ബോർഡിൽ നിന്ന് വാങ്ങാവുന്നതാണെന്നും യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് (ബഹു. എം.എൽ.എ ശ്രീ. വി. ശശി മുഖേന)**

2014–15 വർഷത്തെ വികസന ഫണ്ടിലെ മിച്ചം വന്ന തുക ക്യാരിഓവർ ചെയ്യാമെന്നിരിക്കെ ലോൺ തിരിച്ചടവിന് അനുവദിക്കണമെന്നയാവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 അടിമാലി ഗ്രാമപഞ്ചായത്ത്**

ഷോർട്ട് സർക്യൂട്ട് ക്യാമറകൾ സ്ഥാപിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്ന വിഷയമല്ലാത്തതിനാൽ പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 പഞ്ചായത്ത് ഡയറക്ടറുടെ കുറിപ്പ്**

ഇനം 2.9 തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് ( ഫയൽ നം. 127/ഡി.ഡി.2/2015/തസ്വഭവ)**

എം.എൽ.എ എസ്.ഡി.എഫ് ഫണ്ട് ഉപയോഗിച്ച് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനും നിലവിൽ വ്യവസ്ഥയുള്ളതിനാൽ വിഷയത്തിന്മേൽ വകുപ്പുതല തീരുമാനം എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 അടൂർ നഗരസഭ**

2014–15 വർഷം നിർമ്മാണം ആരംഭിക്കുന്ന നഗരസഭാ ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണം സി.പി. ഡബ്ല്യു.ഡി.യെ എൽപ്പിക്കാൻ അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്**

2015–16 വാർഷിക പദ്ധതിയിൽ നോൺ റോഡ് മെയിന്റനൻസ് ഫണ്ടുപയോഗിച്ച് എയ്ഡഡ് എൽ.പി, യു.പി. വിദ്യാലയങ്ങളിലേയ്ക്ക് ബഞ്ചും ഡസ്ക്കും നൽകാനുള്ള പദ്ധതി പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിലെ പ്രാഥമിക വിദ്യാലയങ്ങളിലും അംഗനവാടികളിലും ഉള്ള കുട്ടികൾക്ക് ബാഗും, കുടയും നൽകുന്നതിനുള്ള പദ്ധതി അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 കുമരകം ഗ്രാമപഞ്ചായത്ത്**

2015–16 വർഷത്തെ പ്രോജക്ടുകൾക്ക് 31.03.2015–ലെ ഡി.പി.സി.യിൽ അംഗീകാരം നൽകാൻ നിർദ്ദേശിക്കണമെന്ന 07.04.2015–ലെ കത്തിലെ ആവശ്യം പ്രസക്തമല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.30–ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 22.04.2015 ൽ രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**